**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **05-02-2026 - ൽ മറുപടിയ്ക്ക്**

**വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ കോതമംഗലം നിയോജക മണ്ഡലത്തിൽ സി.എച്ച്.സി വാരപ്പെട്ടിയിൽ ഐസൊലേഷൻ വാർഡിൻ്റെ ബിൽഡിംഗ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഐസൊലേഷൻ വാർഡ്, ആശുപത്രി അധികൃതർക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത ഐസൊലേഷൻ സെന്ററിൽ ഒരുക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | 10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിന് വേണ്ട മെഡിക്കൽ ഗ്യാസ് സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാവിധ മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാണ്. 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ചുള്ള നിർമ്മാണമാണ് നടത്തുന്നത്. 10 ഐ.സി.യു കിടക്ക, ഡോക്ടർമാർക്കുള്ള റൂം - 1, നഴ്സിംഗ് സ്റ്റേഷൻ, പ്രൊസീജിയർ റൂം, ടോയ്‌ലറ്റ് - 4, മീഡിയൽ ഗ്യാസ് പ്ലാന്റ് എന്നീ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് ഐസൊലേഷൻ വാർഡ് നിർമ്മിച്ചിരിക്കുന്നത്. |
| (സി) | ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിച്ച് ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | വാട്ടർ കണക്ഷൻ ലഭ്യമായിട്ടുള്ള പ്രസ്തുത ഐസൊലേഷൻ വാർഡിൽ ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ